"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - വിദ്യാർത്ഥികൾക്ക് ഓൺലൈൻ പഠന സൗകര്യം ഒരുക്കുന്നതിന് KSFE യുടെ വിദ്യാ സഹായി പദ്ധതി - ടി.വി. വാങ്ങുന്നതിന് പ്രൊക്യൂർമെന്റ് മാന്വൽ പ്രകാരമുള്ള നടപടി ചട്ടങ്ങളിൽ ഇളവ് നൽകി - അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡിഎ) വകുപ്പ്**

**സ.ഉ.(സാധാ) നം.375/2021/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 11/02/2021

---

പരാമർശം:- 1 സ.ഉ.(സാധാ)നം.408/2020/നി.വ., തീയതി 18/06/2020

2 മലപ്പുറം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 16.10.2020-ലെ DDP - MPM/2008/2020-D10 - ാം നമ്പർ കത്ത്

3 വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 21.10.2020-ൽ നടന്ന യോഗത്തിന്റെ തീരുമാനം 4.46

**ഉത്തരവ്**

കോവിഡ് 19 പശ്ചാത്തലത്തിൽ വിദ്യാർത്ഥികൾക്ക് ഓൺലൈൻ പഠന സൗകര്യം ഒരുക്കുന്നതിന്റെ ഭാഗമായി പഠന കേന്ദ്രങ്ങളിൽ ടെലിവിഷൻ സൗകര്യം ഏർപ്പെടുത്തുന്നതിന് KSFE പദ്ധതി തയ്യാറാക്കിയിട്ടുള്ളതും പരാമർശം (1) പ്രകാരം ആയതിന് അനുമതി നല്കിയിട്ടുള്ളതുമാണ്. വിദ്യാ സഹായി എന്ന പ്രസ്തുത പദ്ധതിയിൽ ടെലിവിഷന്റെ വിലയുടെ 75 ശതമാനം (പരമാവധി 10,000/- രൂപ) യാണ് KSFE നൽകുന്നത്. ബാക്കി തുക MLA യുടെ നിയോജക മണ്ഡലം ആസ്തി വികസന ഫണ്ടും പ്രത്യേക വികസന നിധിയും ഉപയോഗിക്കാൻ അനുമതി നൽകിയിട്ടുണ്ട്. ചില പ്രദേശങ്ങളിൽ തദ്ദേശ ഭരണ സ്ഥാപനങ്ങൾ തനത് ഫണ്ട് ഇതിനായി ഉപയോഗിക്കുന്നുണ്ട്. ടി പദ്ധതി മുഖേന ഏതുതരം ടി.വിയാണ് വാങ്ങേണ്ടതെന്ന് KSFE നിശ്ചയിച്ചിട്ടുണ്ട്. ഇപ്രകാരം ടി.വി. വാങ്ങുമ്പോൾ കാലതാമസം ഒഴിവാക്കുന്നതിനായി ടി.വി. വാങ്ങുന്നതിന് പ്രൊക്യൂർമെന്റ് മാന്വൽ പ്രകാരമുള്ള നടപടി ചട്ടങ്ങൾ ഒഴിവാക്കി അനുമതി നൽകണമെന്ന് മലപ്പുറം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ പരാമർശം (2) പ്രകാരം അഭ്യർത്ഥിച്ചിരുന്നു.

2. പരാമർശം (3) യോഗതീരുമാനത്തിന്റെ അടിസ്ഥാനത്തിൽ സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഓൺലൈൻ വിദ്യാഭ്യാസ സൗകര്യമൊരുക്കുന്നതിലെ കാലതാമസമൊഴിവാക്കുന്നതിനായി, 'വിദ്യാ സഹായി' എന്ന പദ്ധതിയുടെ ഭാഗമായി, KSFE ലിസ്റ്റ് ചെയ്ത സ്ഥാപനത്തിൽ നിന്ന് നിശ്ചയിക്കപ്പെട്ട വിലയിൽ പരിമിതപ്പെടുത്തി ടെലിവിഷൻ വാങ്ങാൻ അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**പാറ്റ്സി സ്റ്റീഫന്**

**ജോയിന്റ് സെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ

നഗരകാര്യ ഡയറക്ടർ
ഗ്രാമ വികസന കമ്മീഷണർ
മാനേജിംഗ് ഡയറക്ടർ, കെ.എസ്.എഫ്.ഇ., തൃശൂർ
എല്ലാ ജില്ലാ ആസൂത്രണ സമിതി അധ്യക്ഷൻമാർക്കും
എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
എല്ലാ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
എല്ലാ കോർപറേഷൻ സെക്രട്ടറിമാർക്കും
എല്ലാ നഗരസഭാ ചെയർമാന്മാർക്കും സെക്രട്ടറിമാർക്കും
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
വിവര പൊതുജനസമ്പർക്ക(വെബ് & ന്യൂ മീഡിയ) വകുപ്പ്
ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signature Not Verified
Digitally signed by SURESH KUMAR K
Date: 2021.02.12 13:28:24 IST
Reason: Approved

സെക്ഷൻ ഓഫീസർ

പകർപ്പ്
ബഹു. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
തദ്ദേശസ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.യ്ക്ക്